പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4270

25.06.2014-ലെ മറുപടിയ്ക്ക്

## ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾക്കായി എന്തു തുക വീതം മാറ്റി വെച്ചിരുന്നുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; | (എ) **2011-12**<br>**അനുവദിച്ച തുക - 2 കോടി**<br>പദ്ധതികൾക്കായി ചെലവഴിച്ച തുക - 1,91,46,000/- രൂപ<br>കൺസൾട്ടൻസി പ്രൊപ്പോസൽ - 2,04,000/- രൂപ<br>വേൾഡ് വെറ്റ്ലാന്റ്ഡേ ആഘോഷം - 50,000/- രൂപ<br>ഓഫീസ് ചെലവുകൾ -6,00,000/- രൂപ<br>ആകെ - 2,00,00,000/- രൂപ<br><br>**2012- 2013)**<br>**അനുവദിച്ച തുക - 3 കോടി**<br>പദ്ധതികൾക്കായി ചെലവഴിച്ച തുക - 2,73,54,046/- രൂപ<br>സെമിനാർ - 1,00,000/- രൂപ<br>സീറോ വേസ്റ്റ് തെന്മല- 8,50,000/- രൂപ<br>വർക്ക് ഷോപ്പ് - 1,08,292/- രൂപ<br>അഡ്വഞ്ചർ ടൂറിസം സി.ഇ.ഒ - തിരഞ്ഞെടുപ്പ് - 1,58,880/- രൂപ<br>മാർക്കറ്റിംഗ് ഓഫ് പൊന്മുടി ഇക്കോടൂറിസം - 6,50,000/- രൂപ<br>ഓഫീസ് ചെലവുകൾ (പരസ്യ ചെലവടക്കം) - 7,78,782/- രൂപ |

ആകെ ചെലവ് - 3,00,00,000/- രൂപ

2013- 2014

**അനുവദിച്ച തുക - 3,20,00,000/- രൂപ**

പദ്ധതികൾക്കായി ചെലവഴിച്ച ആകെ

തുക - 3,10,29,902/- രൂപ

പരിശീലന പരിപാടി - 27,000/- രൂപ

ചിത്രശലഭങ്ങളെക്കുറിച്ചുള്ള

പുസ്തകം - 75,000/- രൂപ (ആദ്യ ഗഡു)

മാർക്കറ്റിംഗ് ഓഫ് ഇക്കോ

ടൂറിസം - 8,51,609/- രൂപ

ഓഫീസ് ചെലവുകൾ - 16489/- രൂപ (ആദ്യ ഗഡു)

ആകെ ചെലവ് -3,20,00,000/- രൂപ

(ബി) ഈ സർക്കാർ ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിലെ പുതിയൊരു സങ്കല്പമാണ് ഇക്കോ ടൂറിസം • പരിസ്ഥിതിയുടെ സംസ്കാരവും ചരിത്രവും മനസ്സിലാക്കാനുള്ള സഞ്ചാരമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശീയർക്ക് പ്രയോജന പ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചു കൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണ് ഇക്കോടൂറിസത്തിന്റെ ശൈലി. ഇത്തരത്തിൽ കഴിഞ്ഞ കാലയളവിലെ പ്രധാന ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിയത് ഇക്കോടൂറിസം കേന്ദ്രങ്ങളായ തെന്മല, കൊച്ചുപമ്പ (ഗവി), വെള്ളിക്കീൽ, അരിപ്പ, ചെല്ലാർകോവിൽ, കമ്പമല, പൊന്മുടി, എന്നിവിടങ്ങളിലാണ്. നിലവിലുള്ള ഇക്കോടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുടർ സഹായങ്ങളും ഈ

| | | | |
|---|---|---|---|
| | | | കാലഘട്ടത്തിൽ ലഭ്യമാക്കി. പൊന്മുടിയിലെ ഇക്കോടൂറിസവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ 100 ദിവസത്തിനകം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. സാഹസിക വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് 2011-12 കാലയളവിൽ തെന്മലയിലും, കോവളത്തും 2012-13 കാലയളവിൽ അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ വയനാട്ടിലെ പൊഴുതനയിലും ഇന്റർ നാഷണൽ മൗണ്ടൻസൈക്ലിംഗ് മത്സരം സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും ഈ കാലഘട്ടത്തിൽ നടത്തുകയുണ്ടായി |
| (സി) | ഈ സർക്കാർ വന്ന ശേഷം ഓരോ വർഷവും ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്ര വീതമാണെന്നും ഇതു വഴി ഓരോ വർഷവും സംസ്ഥാന ഖജനാവിന് ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ തൃക്കടീരി ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അനങ്ങൻ മല ഇക്കോടൂറിസം പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതുവരെ എത്ര | (ഡി) | പുതുക്കിയ അടങ്കൽ പ്രകാരം 1 കോടി 4 ലക്ഷം രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ്. ഇതിൽ 44.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ 59.13 ലക്ഷം രൂപയുടെ ചെലവ് കൂടി |

| | | | |
|---|---|---|---|
| | തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഇനി എന്തു തുക ചെലവഴിച്ചാൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ; | | പ്രതീക്ഷിക്കുന്നു |
| (ഇ) | അനങ്ങൻ മല ഇക്കോടൂറിസം പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വകുപ്പ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) | പദ്ധതി ഉടൻ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ